**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1456** **10-10-2024 - ൽ മറുപടിയ്ക്ക്**

**കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിലെ കറുകുറ്റി വില്ലേജ് വക ഭൂമിയിൽ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 2024-25 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കറുകുറ്റി മിനിസിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അടങ്കൽ തുകയായ 200 ലക്ഷം രൂപ ഉൾക്കൊള്ളിക്കുകയും പ്രസ്തുത തുകയുടെ 20% ആയ 40,00,000/- രൂപ വകയിരുത്തുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കറുകുറ്റി പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗതീരുമാനപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കറുകുറ്റി പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗ തീരുമാന പ്രകാരം നിലവിലുള്ള പഴയ വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റുന്നതിനും പുതിയ സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | നിലവിലെ പഴക്കം ചെന്ന കെട്ടിടം പൊളിക്കുന്നതിന് മുന്നോടിയായി വാല്യുവേഷനും സർവ്വേ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ടോ; മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂത്തീകരിക്കുന്നത് വരെ കറുകുറ്റി വില്ലേജ് ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ; ഈ വിഷയത്തിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യങ്ങൾ സംബന്ധിച്ച കത്ത് പൊതുമരാമത്ത് വകുപ്പിൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | നിലവിലെ പഴക്കം ചെന്ന കെട്ടിടം പൊളിക്കുന്നതിനുള്ള വാല്യുവേഷനും സർവ്വേ റിപ്പോർട്ടും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ വിശദാംശങ്ങൾ/ രേഖകൾ സഹിതം എറണാകുളം ജില്ലാ കളക്ടർ 15/5/2024 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂർത്തികരിക്കുന്നത് വരെ കറുകുറ്റി വില്ലേജ് ഓഫീസ് പഞ്ചായത്ത് ഓഫീസിന്റെ കെട്ടിടത്തിൽ താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | നിലവിലെ വില്ലേജ് ഓഫീസ് കെട്ടിടം പൊളിക്കുന്നതിനും വില്ലേജ് ഓഫീസ് മറ്റൊരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ വേഗത്തിലാക്കുവാൻ നടപടി | (ഡി) | (C) പിരിവിനുള്ള മറുപടി. |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; ഇത് സംബന്ധിച്ച നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകുമോ? | | |

സെക്ഷൻ ഓഫീസർ